(ബി) എങ്കിൽ ഗവൺമെന്റ് കോളേജുകൾ, സ്വാശ്രയ കോളേജുകൾ, സഹകരണ കോളേജുകൾ എന്നിവയിൽ എത്ര സീറ്റുകൾ വീതം കൂട്ടാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം പുതിയ മെഡിക്കൽ കോളേജുകൾ അനുവദിക്കാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ വർഷം എം. ബി. ബി. എസ്. സീറ്റു വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

(ബി) സർക്കാർ മേഖലയിൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിൽ 50 സീറ്റു വീതം കൂട്ടുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു. എന്നാൽ സ്വാശ്രയ സഹകരണ മേഖലയിൽ സീറ്റ് വർദ്ധിപ്പിക്കാൻ ഉള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത്, അതിനായി രൂപവത്കരിച്ച ഒരു ഹൈപവർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പ്രവർത്തനം തുടങ്ങിയിട്ടില്ല.

സ്വാശ്രയ ദന്തൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രവേശന മാനദണ്ഡം

141 [917] ശ്രീ. ഡി. സുഗതൻ :

„ വി. ജെ. പൗലോസ് :

„ ജോർജ്ജ് ജെ. മാത്യു :

ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04 വർഷത്തിൽ സ്വാശ്രയ ദന്തൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ടിയിരുന്ന ആകെ സീറ്റെത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) പേയ്മെന്റ് സീറ്റെത്ര ; മെരിറ്റ് സീറ്റെത്ര ;

(സി) പ്രസ്തുത വർഷം ഈ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് സ്വാശ്രയ ദന്തൽ കോളേജുകളിൽ മെരിറ്റ് സീറ്റിലും പേയ്മെന്റ് സീറ്റിലും അഡ്മിഷൻ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർ നൽകേണ്ട ഫീസ് എത്രയാണെന്ന് വിശദമാക്കാമോ ;

(ഇ) ഇവരുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുന്നതാരാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) സ്വാശ്രയ ദന്തൽ കോളേജുകളിലേക്ക് അലോട്ട് ചെയ്ത പ്രസ്തുത വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രസ്തുത വർഷം പേയ്മെന്റ് സീറ്റിൽ ആണോ അഡ്മിഷൻ നൽകിയത് ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2003-04 വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സർക്കാർ സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

പട്ടികജാതി .. 14

പട്ടികവർഗ്ഗം .. 3

(ബി) 2003-04 അദ്ധ്യയന വർഷത്തിൽ ഫ്രീ/പേയ്മെന്റ് സീറ്റുകൾ എന്ന വേർതിരിവ് ഇല്ലായിരുന്നു. സ്വാശ്രയ കോളേജിലെ 50% സീറ്റുകൾ ഗവൺമെന്റ് സീറ്റായും ബാക്കി 50% സീറ്റുകൾ മാനേജ്മെന്റ് സീറ്റായും തരംതിരിച്ചിരുന്നു. മാനേജ്മെന്റ് സീറ്റിൽ മാൻഡേറ്ററി റിസർവേഷൻ ഇല്ലാത്തതിനാൽ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കു ഗവൺമെന്റ് സീറ്റിലുള്ള 17 സീറ്റുകൾക്കേ അർഹതയുള്ളൂ. മാനേജ്മെന്റ് സീറ്റിലേക്ക് അഡ്മിഷൻ നടത്തുന്നത് അതാത് മാനേജ്മെന്റുകളാണ്.

(സി) പട്ടികജാതി .. 14

പട്ടികവർഗ്ഗം .. 3

മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ബന്ധപ്പെട്ട മാനേജ്മെന്റാണ് നടത്തുന്നത്.

(ഡി) സർക്കാർ സീറ്റിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരെ ഫീസടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.

(ഇ) ഇവരുടെ ഫീസും മറ്റാനുകൂല്യങ്ങളും സർക്കാർ തന്നെയാണ് വഹിക്കുന്നത്.

(എഫ്) പ്രവേശന പരീക്ഷാ കമ്മീഷണർ സ്വാശ്രയ കോളേജുകളിലേക്ക് അലോട്ടു ചെയ്തത് സർക്കാർ സീറ്റിലേക്കാണ്. പേയ്മെന്റ് വിഭാഗം സീറ്റുകൾ 2003—04 അദ്ധ്യയന വർഷം നിലവിലില്ലായിരുന്നു. അതിനാൽ പേയ്മെന്റ് സീറ്റിലേക്ക് ഒരു വിദ്യാർത്ഥിയേയും 2003-04-ൽ പ്രവേശിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly